OURWEBSITES: www.keralakaumudi.com (Mal.Daily) www.kaumudi.com (Eng.Daily) www.kalakaumudi.com (Mal.Weekly) www.vellinakshatram.com (Cinema) www.snehitha.net (Women's) www.firemag.net (Fortnightly) www.kaumudijalakam.com (NetWeekly)

ചെമ്പൈ സംഗീതോത്സവം – 2003 – ജനുവരി 24, 25, 26

സദിരുകളിലെ 'ശ്രീ'രാഗം...

തീരം തഴുകിയ നിർവൃതിയിൽ മണൽപരപ്പിലൂടെ നുരഞ്ഞിറങ്ങുന്ന തിരയുടെ സൗമ്യമായ കീഴ്സ്ഥായി. കടുത്ത സ്തോഭത്തോടെ ഗിരിശൃംഗങ്ങളിലാവേശിക്കുന്ന ക്ഷുഭിതരസങ്ങളുടെ മേൽസ്ഥായി. ഈ ദ്വന്ദ്വവൈരുദ്ധ്യങ്ങൾക്കിടയിൽ, സ്വരസപ്തമങ്ങളുടെ നക്ഷത്രദീപ്തി. ആ നക്ഷത്രങ്ങളിലിരുന്ന് നവരസപരമ്പരകളുടെ ആത്മാവ് ആവേശിച്ച് ഒരു മഹാനുഭാവൻ പാടുകയാണ്. "കരുണചെയ്‌വാനെന്തു താമസം..." ഭക്തിപാരവശ്യത്തിന്റെ യദുകുലകാംബോജി. ദിക്കറിയാതെ ഉഴലുന്നവന് മാർഗ്ഗദീക്ഷയുടെ സൂത്രവാക്യം. ആ മഹാനുഭാവനാണ് മഹാഗുരു ചെമ്പൈ വൈദ്യനാഥ ഭാഗവതർ. സംഗീതത്തെക്കുറിച്ചല്ല, സംഗീതജ്ഞന്റെ സമാജധർമ്മത്തെക്കുറിച്ച് അസംഖ്യംപേർക്ക് സംഗീതദീക്ഷ നൽകിയ ഗുരു. സംഗീതം മറ്റുള്ളവരെ രസിപ്പിക്കുവാനുള്ളതാണ്. പക്ഷെ സ്വയം രസിക്കാതെ മറ്റുള്ളവരെ രസിപ്പിക്കുന്നതെങ്ങിനെ? അതാണ് ഗുരുചിന്ത. ആദ്യം വേണ്ടത് ധ്യാനം. നാദബ്രഹ്മത്തിന്റെ മൂലം. ഋഷിസ്ഥാനത്ത് കൃഷ്ണപാദം, ഛന്ദസ്സിൽ ഗുരുദീക്ഷ പിന്നെ സ്വരസപ്തമങ്ങളുടെ മൂലമന്ത്രം. സാധകന്റെ ആത്മാരാധന. ഇനി അർച്ചനയാണ്. വൈഖരി, മധ്യമാ, പശ്യന്തി, പര എന്നിങ്ങനെ നാദാർച്ചന. അമൃതവർഷിണിയുടെ മഹാവർഷം. അനുവാചകന്റെ നിർവൃതി. ഗായകനു സായൂജ്യം...

ഇനി പ്രതിഫലം... അത് ഈ സമാജപൂജക്കുള്ള ദക്ഷിണയാണ്. ദക്ഷിണക്ക് ഗായകനെക്കൊണ്ട് കണക്കുപറയിക്കരുത്. കാരണം അതു കലയുടെ സ്ഥാന നിർണ്ണയമാണ്. അനുഭവിച്ചറിഞ്ഞ ആത്മസുഖത്തിനുള്ള അനുവാചകന്റെ ദക്ഷിണ– അതാണ് ചെമ്പൈ സ്വാമിയുടെ അർത്ഥശാസ്ത്രം– പക്ഷെ ഗായകനുമുണ്ടാവണം ഒരു ധർമ്മനീതി. ഒരു സദിരിനിടക്ക് ചെമ്പൈ നാല് ആവർത്തി പാടി നിർത്തിയതിന് അനുബന്ധമായി രണ്ട് ആവർത്തി മാത്രം വായിച്ച വയലിനിസ്റ്റിനോട് 'നീ എന്റെ കയ്യിൽ നിന്ന് രൂപാ 1200 ആണ് എണ്ണി വാങ്ങുന്നത്. രണ്ട് ആവർത്തികൂടി വായിക്ക്'' എന്ന് പറഞ്ഞ് പൊട്ടിച്ചിരിച്ച ചെമ്പൈയുടെ ഫലിതം പഴമക്കാർ പറഞ്ഞുകേട്ടിട്ടുണ്ട്.

ബ്രഹ്മത്തിൽനിന്ന് ഉത്ഭവിക്കുന്നതെല്ലാം ബ്രഹ്മത്തിൽ തന്നെ ലയിക്കണമെന്നാണ് പ്രമാണം– അതുകൊണ്ട് സരസ്വതി പൂജയുടെ പ്രതിഫലം സരസ്വതിയുടെ പാദപൂജയായിത്തന്നെ സംഗീതജ്ഞൻ തിരിച്ച് അർച്ചിക്കണം. അതാണ് ചെമ്പൈയുടെ അനുശാസനം. ഗുരുവായൂരിലെ സമൃദ്ധമായ അദ്ദേഹത്തിന്റെ ഉദയാസ്തമന പൂജകളുടെ തത്വം ഇതാണ്. സമ്പാദ്യം സരസ്വതി പ്രസാദമാണ്. അതുകൊണ്ട് സമ്പാദ്യത്തിന്റെ വ്യയം സദ്‌വ്യയമാവണം. അതാണ് സംഗീതജ്ഞന്റെ ഭൗതികമായ അഭ്യുന്നതിക്കുള്ള ചെമ്പൈയുടെ സൂത്രവാക്യം.

വയലിൻ മാന്ത്രികൻ ചൗഡയ്യ ഒരിക്കൽ പറഞ്ഞു. "ഞാൻ സിനിമാ വ്യവസായത്തിൽ ഒരുപാട് പണം മുടക്കി. എന്റെ ഒരു പടത്തിൽ ചെമ്പൈ സ്വാമി പാടിയ കീർത്തനത്തിന് 1940 കളിൽ അയ്യായിരം രൂപ പ്രതിഫലം വാങ്ങി. ആ പണത്തിന് അദ്ദേഹം ഇഷ്ടദേവനായ പാർത്ഥസാരഥിക്ക് സ്വർണ്ണഗോളക പണിയിച്ചു. എന്റെ സിനിമാ വ്യവസായത്തിൽ ധാരാളം പണം വന്നു. വന്നതിലും വേഗതയിൽ തിരിച്ചുപോവുകയും ചെയ്തു. പക്ഷെ ചെമ്പൈ സ്വാമിയെ നോക്കൂ. അദ്ദേഹം വാങ്ങിയ കനത്ത പ്രതിഫലം തുകയേക്കാൾ ഘനത്തിൽ പാർത്ഥസാരഥി പെരുമാളിന്റെ തിരുമേനിയായി സ്ഥായി നേടിയിരിക്കുന്നു''.

ചെമ്പൈ സ്വാമിയുടെ ഒരു ശരാശരി കച്ചേരിക്ക് ആറുമണിക്കൂർ ദൈർഘ്യമുണ്ടാവാറുണ്ട്. മൃദംഗക്കാരനെകൊണ്ട് ചുരുങ്ങിയത് മൂന്നു തനിയാവർത്തനങ്ങളെങ്കിലും വായിപ്പിക്കും. വയലിനിൽ വിസ്തരിച്ച് രാഗം വായിക്കണം. അങ്ങിനെ ഒരു സംഘ സത്തയുടെ സർവ്വലക്ഷണങ്ങളുമുള്ളവയായിരുന്നു അദ്ദേഹത്തിന്റെ മഹാസദിരുകൾ.

ചെമ്പൈ സ്വാമി ഏറെയൊന്നും പറഞ്ഞുവെച്ചിട്ടില്ല– പക്ഷെ സമൃദ്ധമായി ജീവിച്ചു കാണിച്ചിട്ടുണ്ട്. ആ സംഭവബഹുലമായ ജീവിതം ചരിത്രത്തിൽ വല്ലപ്പോഴും മാത്രമുണ്ടാകുന്ന വിസ്മയമാണ്. കാലമേറെ ചെല്ലുന്തോറും വ്യാപ്തി വർദ്ധിക്കുന്ന അത്ഭുതം.

ചെമ്പൈ സ്വാമിയുടെ സംഗീതപർവ്വം കൂടുതൽ കൂടുതൽ ചർച്ച ചെയ്യപ്പെടുകതന്നെയാണ്. ശിഷ്യരായ മാണിഭാഗവതരും, രാമപ്പഥനും ചേർന്ന് വളരെ ചെറിയ തുടക്കമിട്ട ഗുരുവായൂർ ചെമ്പൈ സംഗീതോത്സവത്തിന്റെ ഇന്നത്തെ വൈപുല്യമെന്താണ്... അതാണ് ചെമ്പൈ സംഗീതത്തിന്റെ പ്രസക്തി.

ഭക്തകവി ആര്? എന്നാരെങ്കിലും ചോദിച്ചാൽ എല്ലാവരും ഒരൊറ്റ ഉത്തരമേ പറയൂ "ഗുരു ചെമ്പൈ''. നഷ്ടപ്പെട്ട നാദം തിരിച്ചുകൊടുത്ത കൃഷ്ണകൃപയുടെയും, അമൃതവർഷിണിപാടി മഴ പെയ്യിച്ച ആലാപന മഹിമയുടേയും എണ്ണമറ്റ കഥകളിലെ നായകസ്ഥാനം ചെമ്പൈക്കുള്ളതാണ്. കഥകൾ വിശ്വാസങ്ങളാണ്. മനുഷ്യൻ ഭാവനയിലൂടെ വിശ്വാസങ്ങളെ ശക്തിപ്പെടുത്തുകയാണ്. അങ്ങിനെ സ്വയം ശക്തരാവുകയാണ്. കഥകളുടെ അതിഭാവുകത്വം ആരും ചോദ്യം ചെയ്യാറില്ല. കാരണം ആരും സ്വന്തം ആത്മവിശ്വാസത്തിന്റെ സൂത്രവാക്യങ്ങൾ മാറ്റിയെഴുതാറില്ലല്ലോ.

ചെമ്പൈ സ്മൃതിയുടെ നാനോൻമുഖമായ മനനമാണ്, ചെമ്പൈ സ്മൃതി ഗാനസഭ ലക്ഷ്യമിടുന്നത്. വ്യാഖ്യാനിക്കുംതോറും തലമുറകൾക്ക് പുതിയ വഴിവെളിച്ചം സമ്മാനിക്കുന്ന ചെമ്പൈ സ്മൃതി.

കഴിഞ്ഞവർഷം അതൊരു തീർത്ഥയാത്രയായിരുന്നു. മുംബയിൽനിന്ന് ചെമ്പൈ ശിഷ്യനായ ജയന്റെ നാദാർച്ചനയോടെ ആരംഭിച്ച് ചെമ്പൈ ഗ്രാമത്തിലൂടെ അദ്ദേഹം അരങ്ങേറ്റംകുറിച്ച കാന്തളൂർ ക്ഷേത്രത്തിലൂടെ മംഗളം പാടിനിർത്തിയ പൂഴിക്കുന്നം ക്ഷേത്രത്തിൽ സമാപിച്ച ഒരു തീർത്ഥയാത്ര. ഈ വർഷം ശിഷ്യരും, ഭക്തരും, ആസ്വാദകരും എല്ലാം ചേർന്നൊരുക്കുന്ന 'പാവനഗുരു' എന്ന അക്ഷരപൂജയാണ്. സംഗീതരഥ്യയിൽ ഗുരു ചെമ്പൈയുടെ പാദമുദ്രകളുടെ ഗരിമ അറിയാനുള്ള എളിയ സംരംഭങ്ങൾതന്നെയാണ് വരും വർഷങ്ങളിലേയും സഭയുടെ പദ്ധതികൾ. വിഹ്വലതകളില്ലാതില്ല... പക്ഷെ പൂർവ്വപുണ്യസൗഭാഗ്യമുള്ള ഗുരുവിന്റെ വിസ്തൃതമായ കൈത്തലങ്ങൾ ശിരസ്സിനു മുകളിൽ അനന്തഫണമായി വിടർന്നുനിൽക്കവേ ഭയമെന്തിന്?....

ചെമ്പൈ സംഗീതോത്സവം 2003

ദിവസം	സ്ഥലം	സമയം	പരിപാടികൾ
24.01.2003 വെള്ളിയാഴ്ച	വൈ. ബി. ചവാൻസെന്റർ	വൈകിട്ട് 6.45 ന്	1. സമർപ്പണം: സംഗീതകലാനിധി ടി. കെ. ഗോവിന്ദറാവു 2. പുസ്തകപ്രകാശനം • പാവനഗുരു–സതീഷ്‌വ്യാസ് • സ്വാതിതിരുനാൾ കൃതികൾ– അഡ്വ. വെങ്കിടേശ്വരൻ 3. കച്ചേരി: സംഗീതകലാനിധി ടി.കെ. ഗോവിന്ദറാവുവും സംഘവും
25.01.2003 ശനിയാഴ്ച	എസ്.ഐ.ഇ.എസ് ഓഡിറ്റോറിയം, നെരൂൾ	വൈകിട്ട് 7 ന്	കച്ചേരി: മാവേലിക്കര പി. സുബ്രഹ്മണ്യവും സംഘവും
26.01.2003 ഞായർ	മോഡൽ ഇംഗ്ലീഷ് സ്കൂൾ പാണ്ഡുരംഗവാഡി, ഡോംബിവ്‌ലി	വൈകിട്ട് 7 ന്	കച്ചേരി: പാലാ സി.കെ. രാമചന്ദ്രനും സംഘവും

പാവനഗുരു

(ചെമ്പൈ സംഗീതത്തിന്റെ നാനാർത്ഥങ്ങൾ പ്രതിപാദിക്കുന്ന ഈ ഗ്രന്ഥം ചെമ്പൈ സ്മൃതി ഗാനസഭയുടെ പ്രസിദ്ധീകരണമാണ്.)

യുഗപ്രഭാവനായ ചെമ്പൈ വൈദ്യനാഥ ഭാഗവതരുടെ വിരാട് രൂപത്തെ പണ്ഡിതരും ശിഷ്യരും ആരാധകരുമെല്ലാം ചേർന്ന് ആദരപൂർവ്വം നോക്കിക്കാണുകയാണിവിടെ. ആദരണീയരായ മാണി ഭാഗവതരും ടി.വി. ഗോപാലകൃഷ്ണനും എസ്.കെ. മൂർത്തിയും മണ്ണൂർ രാജകുമാരനുണ്ണിയും ചൊവ്വല്ലൂർ കൃഷ്ണൻകുട്ടിയും കോങ്ങൂർപള്ളി പരമേശ്വരൻ നമ്പൂതിരിയും ജയനും രാജലക്ഷ്മി കൃഷ്ണനും ദക്ഷിണാമൂർത്തിയും നെയ്യാറ്റിൻകര വാസുദേവനും തൃക്കാമ്പുറം കൃഷ്ണൻകുട്ടിമാരാരുമെല്ലാം ചേർന്ന് നടത്തുന്ന ഒരു അക്ഷരപൂജ. പ്രാമാണികനായി സംഗീതകലാനിധി ടി.കെ. ഗോവിന്ദറാവുവുമുണ്ട്. കൃഷ്ണാർപ്പിതമായ ഒരു കർമ്മകാണ്ഡത്തെ പതിറ്റാണ്ടുകൾക്കുശേഷം വ്യാഖ്യാനിക്കുമ്പോഴും കൂടുതൽ സൂക്ഷ്മവും പ്രസക്തവുമാകുന്ന ഉൾക്കാഴ്ചകളാണ് അദ്ദേഹത്തിന്റെ ജീവിതം നമുക്ക് പ്രദാനം ചെയ്യുന്നത്. കാലത്തിന് ഒരുപാട് മുമ്പേ നടന്നുപോയ ചെമ്പൈ സ്വാമിയുടെ സ്മരണ കാലം ചെല്ലുന്തോറും പ്രഭാവപൂർണ്ണമാവുകയാണ്. ആ അമരസംഗീതത്തിന്റെ നാനാർത്ഥങ്ങളാണ് ഈ പുസ്തകത്തിൽ വിഷയീഭവിക്കുന്നത്. ഈ പുസ്തകം ഇന്ന് വൈകിട്ട് വൈ.ബി. ചവാൻ സെന്ററിൽ പണ്ഡിറ്റ് സതീഷ് വ്യാസ് പ്രകാശനം ചെയ്യും.

സംഗീതകലാനിധി ടി. കെ. ഗോവിന്ദറാവു



മുസിരി സുബ്രഹ്മണ്യ അയ്യരുടെ ശിഷ്യനും പ്രസിദ്ധ സംഗീത ആചാര്യനുമായ ടി.കെ. ഗോവിന്ദറാവു ആദ്യകാലത്ത് ചെമ്പൈയുടെ കീഴിൽ സംഗീതം അഭ്യസിച്ചിട്ടുണ്ട്. അദ്ദേഹം സാരഥ്യം വഹിക്കുന്ന ഗാനമന്ദിർ ട്രസ്റ്റ് ത്യാഗരാജസ്വാമികളുടെയും ദീക്ഷിതരുടെയും ശ്യാമാശാസ്ത്രിയുടെയും മഹാരാജ സ്വാതിതിരുനാളിന്റെയും സമ്പൂർണ്ണ കൃതികൾ സമാഹരിച്ച് സ്വരപ്പെടുത്തി പുസ്തകരൂപത്തിൽ പ്രസിദ്ധീകരിച്ചിട്ടുണ്ട്. കർണ്ണാടക സംഗീതലോകത്തെ അമൂല്യ രേഖകളാണിവയെല്ലാം. ഈ വർഷത്തെ ചെമ്പൈ സംഗീതോത്സവം ഗോവിന്ദറാവുവിന്റെ സംഗീതകച്ചേരിയോടെയാണ് ആരംഭിക്കുന്നത്.

പാലാ സി.കെ. രാമചന്ദ്രൻ

സംഗീത കലാനിധി ഡോ. ശെമ്മങ്കുടി ശ്രീനിവാസ അയ്യരുടെ ശിഷ്യനാണ് പാലാ സി.കെ. രാമചന്ദ്രൻ. ചിട്ടയുടെ കാർക്കശ്യമുള്ള ശെമ്മങ്കുടി സ്വാമി, തന്റെ ബാണിയുടെ മൗലികമായ എല്ലാ സവിശേഷതകളും ശിഷ്യനായ പാലാ സി.കെ. രാമചന്ദ്രന് ഭംഗിയായി പകർന്നുനൽകിയിട്ടുണ്ട്. മുഴുവൻ സമയ സംഗീതജ്ഞനായ പാലാ സി.കെ. രാമചന്ദ്രന് ഇന്ത്യയിലെമ്പാടും വിദേശത്തും ശിഷ്യന്മാരുണ്ട്. അനാശാസ്യമായ നിരവധി പ്രവണതകൾ കച്ചേരികളുടെ സംശുദ്ധിയെ പ്രതികൂലമായി ബാധിക്കുന്ന ഇന്നത്തെ സാഹചര്യത്തിൽ രാമചന്ദ്രനെപ്പോലുള്ളവരുടെ ലക്ഷണമൊത്ത സംഗീതകച്ചേരികൾ സംഗീതരംഗത്തെ അമൂല്യമായ കലോപഹാരങ്ങളാണ്. ഈ വർഷത്തെ ചെമ്പൈ സംഗീതോത്സവം ഡോംബിവ്‌ലി മോഡൽ ഇംഗ്ലീഷ് സ്കൂളിൽ പാലാ സി.കെ. രാമചന്ദ്രന്റെ സംഗീതകച്ചേരിയോടെ സമാപിക്കും.

മാവേലിക്കര പി. സുബ്രഹ്മണ്യം



സംഗീതജ്ഞരായ ശ്രീ എസ്. പത്മനാഭ അയ്യരുടെയും ശ്രീമതി മാവേലിക്കര പൊന്നമ്മാളിന്റെയും മകനായ പി. സുബ്രഹ്മണ്യം മാതാപിതാക്കളിൽനിന്നുതന്നെയാണ് സംഗീതത്തിന്റെ ആദ്യപാഠങ്ങൾ അഭ്യസിച്ചത്. തിരുവനന്തപുരം സംഗീത കോളേജിൽനിന്ന് ഗാനഭൂഷണവും ഗാനപ്രവീണും ഉയർന്ന നിലയിൽ പാസായ സുബ്രഹ്മണ്യം പ്രസിദ്ധ സംഗീതജ്ഞരായ മാവേലിക്കര രാമനാഥന്റെയും മാവേലിക്കര പ്രഭാകരവർമ്മയുടെയും കീഴിൽ ഉപരിപഠനം നടത്തി. വായ്പാട്ടിന് 96 ലെ ചെമ്പൈ സ്മാരക പുരസ്കാരം, 84 ലെ കൃഷ്ണഗാനസഭയിൽനിന്ന് ഏറ്റവും നല്ല ഗായകനുള്ള പുരസ്കാരം തുടങ്ങി നിരവധി പുരസ്കാരങ്ങൾ നേടിയിട്ടുണ്ട്.

മദ്രാസ് മ്യൂസിക് അക്കാദമി, കൃഷ്ണഗാനസഭ, ശെമ്മങ്കുടി ട്രസ്റ്റ്, നാദോപാസന, സ്വാതിതിരുനാൾ സംഗീതസഭ, ദേവനാഗിരി സംഗീതസഭ തുടങ്ങി നിരവധി സംഗീതസഭകളിൽ കച്ചേരി നടത്തിയിട്ടുണ്ട്. തിരുവനന്തപുരത്ത് നവരാത്രി മണ്ഡപത്തിൽ 96 ലും 97 ലും 99 ലും കച്ചേരി അവതരിപ്പിച്ചിട്ടുണ്ട്. തൃപ്പൂണിത്തുറ ആർ.എൽ.വി കോളേജിൽ സംഗീതവിഭാഗം അസിസ്റ്റന്റ് പ്രൊഫസറാണ്. ഈ വർഷത്തെ ചെമ്പൈ സംഗീതോത്സവത്തിൽ നെരൂൾ എസ്.ഐ.ഇ.എസ് ഓഡിറ്റോറിയത്തിൽ പി. സുബ്രഹ്മണ്യം കച്ചേരി അവതരിപ്പിക്കും.

ഗുരു ടി. എസ്. നന്ദകുമാർ



ഗുരു കൈതവന മാധവദാസിന്റെ സാമ്പ്രദായിക ബാണിയുടെ പിന്തുടർച്ചക്കാരനാണ് അദ്ദേഹത്തിന്റെ അരുമശിഷ്യനായ നന്ദകുമാർ. ഡോ. ശെമ്മാങ്കുടി ശ്രീനിവാസ അയ്യർ, എം.ഡി. രാമനാഥൻ, ഡോ. എസ്. രാമനാഥൻ, ബാലമുരളികൃഷ്ണ, എൻ. രമണി, ടി.എൻ. കൃഷ്ണൻ, വേദവല്ലി, ടി.കെ. ഗോവിന്ദറാവു, നെടുനൂരി കൃഷ്ണമൂർത്തി, കെ.എസ്. ഗോപാലകൃഷ്ണൻ തുടങ്ങിയ മഹാരഥികൾക്ക് പക്കമേളമൊരുക്കിയ അനുഭവസമ്പത്തും, അമേരിക്ക, സ്വിറ്റ്സർലന്റ് തുടങ്ങിയ വിദേശ രാജ്യങ്ങളിലും ഇന്ത്യയിലുമെല്ലാമായി പരന്നുകിടക്കുന്ന ശിഷ്യസമ്പത്തും വാദ്യത്തിന്റെ മർമ്മമറിഞ്ഞുള്ള പ്രവൃത്തിയും സാധക ഗരിമയാർന്ന വിരലുകളും സർവ്വോപരി നിഷ്കർഷയുള്ള താളസ്ഥിതിയുമെല്ലാം ചേരുമ്പോൾ നന്ദകുമാർ അതുല്യനായ ഒരു കലാകാരനാവുന്നു. ഗുരു ശിഖാമണി, ശ്രുതിലയ സുധാകര, സ്വരസാധനാരത്ന എന്നിങ്ങനെ അദ്ദേഹത്തെ തേടിയെത്തുന്ന ബഹുമതികൾ നിരവധി. നന്ദകുമാർ ഈ വർഷത്തെ ചെമ്പൈ സംഗീതോത്സവത്തിന് മൃദംഗത്തിൽ പക്കമേളമൊരുക്കുന്നു.

എടപ്പിള്ളി അജിത് കുമാർ

പ്രസിദ്ധ വയലിൻ വാദകനായ നെടുമങ്ങാട് ശിവാനന്ദന്റെ കീഴിൽ 10 വയസ്സുമുതൽ വയലിൻ അഭ്യസിക്കുകയാണ് അജിത് കുമാർ. മഹാരാജാസ് കോളേജിൽനിന്ന് സംഗീതത്തിൽ ബിരുദം നേടിയ അജിത് കുമാർ ഇപ്പോൾ തൃപ്പൂണിത്തുറയിൽ ബിരുദാനന്തര ബിരുദത്തിന് പഠിക്കുകയാണ്. തൃശൂർ നാദലയ പ്രവാഹ അക്കാദമിയിൽനിന്ന് 'നാദരത്നം' എന്ന ബഹുമതി ലഭിച്ചു. പ്രസിദ്ധ സംഗീതജ്ഞരായ സുധാരഘുനാഥ്, കെ.എസ്. ഗോപാലകൃഷ്ണൻ, ശങ്കരൻ നമ്പൂതിരി, താമരക്കാട് ഗോവിന്ദൻ നമ്പൂതിരി, മാവേലിക്കര പ്രഭാകരവർമ്മ, മാവേലിക്കര സുബ്രഹ്മണ്യം, രാധാ നമ്പൂതിരി, നെയ്യാറ്റിൻകര വാസുദേവൻ, പ്രൊഫ. ഓമനക്കുട്ടി തുടങ്ങിയവർക്കെല്ലാം വയലിൻ വായിച്ചിട്ടുണ്ട്. ഈ വർഷത്തെ ചെമ്പൈ സംഗീതോത്സവത്തിന് ടി.കെ. ഗോവിന്ദറാവുവിനും സുബ്രഹ്മണ്യത്തിനും പാലാ സി.കെ. രാമചന്ദ്രനും വയലിൻ വായിക്കുന്നത് അജിത് കുമാറാണ്.

ആശംസകളോടെ വി. ജി. നായർ

Published by Prasad Lakshmanan for Kala Kaumudi Publications (P) Ltd., (Reg.No.of RNI 49829/90 Regd. No.Tech/47-43/MBI/2002) Vol.No.13 Issue No.268 from 19/1, Jolly Maker Chambers II, Nariman Point, Mumbai-21 and Printed by him at Indian Express Press, Express Towers, Nariman Point, Mumbai-400021. Editor: Prasad Lakshmanan.
Resident Representative: K.V.Biju., Phones: 22025106 (News) 22025196 (Advt). Fax: 22040679. e-mail: desk@kalakaumudi.com